മർക്കടത്തിൽനിന്ന് മനുഷ്യനിലേക്ക്

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

മനുഷ്യനും മരഞ്ചാടികളായ മർക്കടങ്ങൾക്കും, പൊതുവായ മുൻഗാമി ആരായിരുന്നു എന്നു് അറിയാനുള്ള അന്വേഷണം ശാസ്ത്രജ്ഞന്മാർ ആദ്യം മുതൽ ആരംഭിച്ചു.

പ്രൈമേറുകളെന്ന വിഭാഗത്തിൽനിന്നു് ക്രമേണ രൂപത്തിലും ഭാവത്തിലും വലിപ്പത്തിലും ഭിന്നങ്ങളായ സരണികളാണു് മനുഷ്യന്റെ ആദിമജാതി സ്വീകരിച്ചതു്. മരത്തിൽനിന്നു് ജീവിതം മണ്ണിലേക്കു് ആക്കി. നാലു കാലുകളിൽ നടക്കുന്ന ശീലംമാററി, രണ്ടു കാലിലാക്കി. കൈകൾ കൂടുതൽ പ്രയോജനമുള്ള പ്രവർത്തനങ്ങൾക്കു് ഉപയോഗിക്കാൻതുടങ്ങി. ഇതു് വളരെ പ്രധാനപ്പെട്ട ഒരു നേട്ടമായിരുന്നു. വാനരങ്ങൾക്കു്, കാലിനും കയ്യും ഏതാണ്ടു് ഒരുപോലെയാണു നീളം. ചിലയിനങ്ങളിൽ കയ്യു് കുറച്ചു കൂടുതലും ഉണ്ടെന്നുവരും. കാലിനാണു് കരങ്ങളെക്കാൾ കരുത്തും നീളവുമുള്ളതു്, മനുഷ്യരിൽ. എന്നിരുന്നാലും കരങ്ങളാണു് കൂടുതൽ കാര്യങ്ങൾക്കു് ഉതകുന്നതു്. വാനരങ്ങളൊന്നും മനുഷ്യരുടെ ആദിജാതിയിലെപ്പോലെ കരങ്ങൾ പ്രയോജനപ്പെടുത്തിയതുമില്ല. യഥാർത്ഥത്തിൽ കരംകൊണ്ടാണു് മനുഷ്യന്റെ ആദിമജാതി, മർക്കടങ്ങളിൽനിന്നു പിരിഞ്ഞുമാറാനുള്ള മാർഗ്ഗം വെട്ടിത്തെളിച്ചതു്।

താരതമ്യേന വലിപ്പംകൂടിയ തലച്ചോറും, തൽഫലമായുള്ള വിവേചനാശക്തിയും ജന്മസിദ്ധമായി മനുഷ്യനു കിട്ടിയ അനുഗ്രഹങ്ങളാണു്. സ്വാർത്ഥതയ്ക്കു്, സ്വന്തം ഉന്നമനത്തിനു്, ഉതകുന്ന സംഗതികൾ തരംതിരിച്ചു്, അവയിൽ ശ്രദ്ധ കൂടുതൽ കേന്ദ്രീകരിക്കുകയെന്നതു് സ്വാഭാവികമായി. ആദികുലത്തിലെ അന്യ അംഗങ്ങൾ വൃക്ഷങ്ങളിലെ ആവാസമവസാനിപ്പിക്കാതെ അവിടെ തുടരുന്നതിനു് തുനിഞ്ഞപ്പോൾ, മനുഷ്യമുൻഗാമികൾ മണ്ണിലേക്കു് ജീവിതം മാററിയതും മററും വിവേചനാശക്തികൊണ്ടു് ആണു്. ഇതു് ദൂരവ്യാപകങ്ങളായ ഫലങ്ങൾ മനുഷ്യപരിണാമത്തിൽ വരുത്തുകയും ചെയ്തു.

മനുഷ്യനും മരഞ്ചാടികളായ മർക്കടങ്ങൾക്കും, പൊതുവായ മുൻഗാമി ആരായിരുന്നു എന്നു് അറിയാനുള്ള അന്വേഷണം ശാസ്ത്രജ്ഞന്മാർ ആദ്യംമുതൽ ആരംഭിച്ചു. മനുഷ്യപരിണാമത്തെക്കുറിച്ചു്, വിവാദപരമായ പരിണാമസിദ്ധാന്തം അവതരിപ്പിച്ച കാലംമുതൽ അതും തുടങ്ങിയതാണു്. പക്ഷേ, കാര്യമായ തെളിവു് സമ്പാദിക്കുവാൻ സാധിച്ചിട്ടുണ്ടോയെന്നും സംശയിക്കണം. പൊതുവായ മുൻഗാമിയായി, ഇന്നു പരിഗണിച്ചുവരുന്നതു്, ഡ്രൈയോപിതിക്കസ് (Dryopithecus) എന്ന ജന്തുവിനെയാണു്. ഭാരതം, കെന്യാ, യൂറോപ്പു് തുടങ്ങിയ മേഖലകളിലാണു് ഈ പൂർവ്വജീവിയുടെ അശ്മകങ്ങൾ—ഫോസിലുകൾ—കണ്ടെത്തിയിട്ടുള്ളതു്. ഏതാണ്ടു്

25th Oct 81

28–12 ദശലക്ഷം വർഷങ്ങൾക്ക് അപ്പുറമായിരുന്നത്രേ ഇതു് ഭൂതലത്തിലുണ്ടായിരുന്നതു്. വൃക്ഷശിഖരങ്ങളിൽ തൂങ്ങിയാടി സഞ്ചരിക്കുന്നതിനാവശ്യമായ സംവിധാനങ്ങളുടെ അഭാവം, നാലുകാലിലും സഞ്ചരിക്കുന്നതിനു സാധ്യതകുറഞ്ഞ അവയവസൃഷ്ടി, തുടങ്ങിയവ ഈ ജീവിയുടെ പ്രത്യേകതകളായി പറയാനുണ്ട്.

മനുഷ്യനോട്ട് ഏററവും രൂപസാദൃശ്യമുണ്ടായിരുന്ന ഹോമിനോയിഡുകൾ (Hominoid) ഏതാണ്ട് പതിന്നാലു ദശലക്ഷം വർഷങ്ങൾക്കുമുമ്പ് പരിണമിച്ചിരിക്കുമെന്നാണ് സങ്കല്പം. രാമപിതിക്കസ് (Rama pithecus) എന്ന നാമത്തിൽ വിവക്ഷിക്കാറുള്ള ഈ ആദിവർഗ്ഗത്തെ മനുഷ്യൻെറ പ്രപിതാമഹനായി പരിഗണിക്കാമെന്നാണ് പൊതുവായ അഭിപ്രായം. ഇതു് തറയിലാണ് ജീവിതംകഴിച്ചിരുന്നതു്.

ഈ കാലഘട്ടത്തിനുശേഷം പരിണമിച്ച മനുഷ്യസാദൃശ്യമുള്ള ഒരു ജന്തുവാണ് ആസ്ത്രേലോ പിതിക്കസ് (Australo Pithecus) പരിണാമചരിത്രപ്രകാരം ഏതാണ്ട് 4–6 ദശലക്ഷം വർഷങ്ങൾക്കുമുമ്പ് ഇതു് ഭൂതലത്തിലുണ്ടായിരുന്നു. ഇതിൻെറ ഏററവും പ്രാചീനമായ അശ്മകം (ഫോസിൽ) റേമണ്ട് ഡാർട്ട് (Raymond Dart) ദക്ഷിണാഫ്രിക്കയിൽ ടാവുംഗ് (Taung) എന്ന സ്ഥലത്തുനിന്നു് 1924–ൽ കണ്ടെടുത്തു. മററു പല സങ്കേതങ്ങളിൽനിന്നും പിൽക്കാലത്തു് ഇത്തരം അവശിഷ്ടങ്ങൾ സമ്പാദിക്കുവാൻ സാധിച്ചു. അതും രണ്ടു് ഇനങ്ങളിൽപെട്ടവയുടെ—ആസ്ത്രേലോ പിതിക്കസ് റോബസ്റ്റസ്, എന്നും, അസ്ത്രേലോ പിതിക്കസ് ആഫ്റിക്കാനസ് എന്നുമാണ് അവയുടെ പേർ. ഇവ തികച്ചും രണ്ടു വർഗ്ഗങ്ങളായിരുന്നിരിക്കാമെന്നും, ഒരുപക്ഷമുണ്ട്. പ്രാകൃതങ്ങളായ ആയുധങ്ങൾ ഉപയോഗിച്ചുതുടങ്ങിയതും ഇവയായിരിക്കുമത്രേ.

മനുഷ്യൻെറ ഏററവും അടുത്ത മുൻഗാമികൾ മുകളിൽ പറഞ്ഞവരായിരിക്കുമെന്നാണ് 1972–വരെ കരുതിവന്നതു്. 1972–ൽ പ്രൊ. റിച്ചാർഡ് ലീക്കി (Prof: Richard Leaky) സുപ്രധാനമായ ഒരു തെളിവു് കണ്ടെത്തി. ആയുധങ്ങൾ സ്വയം നിർമ്മിച്ച, ആദ്യത്തെ മനുഷ്യസമാനജന്തുവെന്നു നിരാക്ഷേപമായി നിർണ്ണയിക്കപ്പെട്ട, ഒരു മാതൃകയായിരുന്നു അതു്. ഹോമോ ഹാബിലിസ്—എന്ന പേരാണ് അതിനിട്ടതു്. 800,000 ആണ്ടുകൾക്കുമുമ്പ് ഹോമോ ഇറക്ടസ് എന്ന ഒരു നായാടിവർഗ്ഗവും ഭൂതലത്തിൽ പ്രത്യക്ഷമായി. ആഫ്റിക്കമുതൽ ഹങ്കറിവരേയും, അൽജീറിയ മുതൽ ചൈനവരെയും ഇതിൻെറ തെളിവുകൾ ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുണ്ട്. മററുവർഗ്ഗങ്ങളെ അപേക്ഷിച്ച് കൂടുതൽ വലിപ്പമുള്ള തലച്ചോറും ഇതിനുണ്ടായിരുന്നു. കൗശലവും ബുദ്ധിസാമർത്ഥ്യവുമാണല്ലോ അതു സൂചിപ്പിക്കുന്നതു്. അഗ്നി ഉപയോഗിക്കാൻ തുടങ്ങിയതും ഇക്കാലത്തുതന്നെ. കൈക്കോടാലിപോലുള്ള ആയുധങ്ങളും മരവുരിയും മൃഗത്തോലും കൊണ്ടുള്ള ആടകളും ഈ കാലഘട്ടത്തിൽ അവരുടെ ആവശ്യങ്ങൾ കുറെയൊക്കെ നിറവേററി.

അത്യന്താധുനികമനുഷ്യൻെറ, തൊട്ടുമുന്നുണ്ടായിരുന്ന ഹോമോസാപിയൻസ് എന്ന ജന്തു 250,000 വത്സരങ്ങൾക്കുമുമ്പ് ഇവിടത്തെ അരങ്ങിൽ ആടാൻ തക്കവണ്ണം പരിണമിച്ചു കഴിഞ്ഞു. ഇംഗ്ളണ്ടു് ജർമ്മനി എന്നിവിടങ്ങളിൽ നിന്നാണ് അധികമായും അവരുടെ അവശിഷ്ടങ്ങൾ ലഭ്യമായിട്ടുള്ളതു്. നമ്മുടെ ശരീരഘടനയിൽനിന്നു് സാരമായ വ്യത്യാസങ്ങളൊന്നുമില്ലാത്ത, ഹോമോസാപിയൻസ് ആണ് അത്യന്താധുനിക മനുഷ്യൻെറ മുൻഗാമി. നീയാണ്ടർത്താൽ മനുഷ്യനെന്നു വിവക്ഷിക്കാറുള്ള ഏതാണ്ട് 70,000 വർഷങ്ങൾക്കുമുമ്പ് ശക്തിയാർജ്ജിച്ച മനുഷ്യൻ, ഇതിൻെറ പിൻഗാമിതന്നെ. ഇതിനുശേഷം 35,000 കൊല്ലം ചെന്നപ്പോഴത്രേ, നമ്മുടെ തൊട്ടു മുൻഗാമി രംഗത്തുവന്നതു്. കാലാകാലങ്ങളിൽ നേടിയ ശാസ്ത്രീയവും സാങ്കേതികവും സാംസ്കാരികവുമായ സമ്പത്തുകൾ, മനുഷ്യനു് ഭൂതലം അടക്കിവാഴുന്നതിനുള്ള വിഭവശേഷി നൽകുകയുണ്ടായി. മറെറാരു കാലത്തും മറെറാരു ജീവിക്കും ആർജ്ജിക്കുവാൻ സാധിച്ചിട്ടില്ലാത്ത ഔന്നത്യം മനുഷ്യൻ ഇന്നു് ഇവിടെ സ്ഥാപിച്ചിരിക്കുന്നു. □